ഉത്തരം

(എ) ഉണ്ട്.

(ബി & സി) ചന്ദ്രഗിരികോട്ട ബി.ആർ.ഡി.സിയ്ക്കു കൈമാറണമെന്ന് ടൂറിസം ഡയറക്ടർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അനന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

കണ്ണൂർ ടൂറിസം പ്രോജക്ട്

146 (3336) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ നടപ്പിലാക്കുന്ന കണ്ണൂർ ടൂറിസം പ്രോജക്ടിൽ എന്തെല്ലാം പദ്ധതികൾ ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ പദ്ധതിക്കും എത്ര രൂപ വീതം ചെലവായി ;

(സി) കണ്ണൂരിലെ കടലോര നടപ്പാത ദീർഘിപ്പിക്കുവാനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഡി) പൈതൽമലയുടെ ടൂറിസം വികസനത്തിന് പ്രത്യേക പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) മുഴുപ്പിലങ്ങാട്, മീൻകുന്ന്, പയ്യാംപലം എന്നീ ബീച്ചുകളുടെയും ധർമ്മടം ദ്വീപിന്റെയും സമഗ്രവികസനമാണ് കണ്ണൂർ ടൂറിസം പ്രോജക്ടിലെ പ്രധാന പദ്ധതികൾ. കൂടാതെ മലബാർ പ്രദേശത്ത് ബാക്ക്വാട്ടർ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി കണ്ണൂരിലെ വളപട്ടണം, പറശ്ശിനിക്കടവ് എന്നീ പ്രദേശങ്ങളിൽ നിന്ന് കാസർഗോട്ടേക്ക് ബോട്ട് സർവ്വീസ് നടത്തുക, കണ്ണൂരിൽ വിനോദസഞ്ചാരികൾക്കായി വാട്ടർസ്പോർട്ട്സ് ഏർപ്പെടുത്തുക, കണ്ണൂരിലെ പഴശ്ശി ഗാർഡന്റെ വികസനം എന്നിവയും സമഗ്ര ടൂറിസം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) 1. കണ്ണൂർ ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ട വികസനത്തിന് 110 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായി 42 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

അനുവദിക്കപ്പെട്ട മറ്റ് പദ്ധതികൾ

2.	ബാക്ക്വാട്ടർ ടൂറിസം പദ്ധതി	26 ലക്ഷം രൂപ
3.	പഴശ്ശി ഗാർഡർ വികസനം	25 ലക്ഷം രൂപ
4.	ധർമ്മടം സ്ഥലമെടുപ്പ്	15 ലക്ഷം രൂപ
5.	നിലവിലുള്ള റോഡുകളുടെ വികസനം പയ്യാംപലത്ത് ഡ്രെയിനേജ്	15 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

6.	ജലവിതരണപദ്ധതി	5 ലക്ഷം രൂപ
7.	മുഴുപ്പിലങ്ങാട് സെൻട്രൽ പാർക്കിന്റെ വികസനം	10 ലക്ഷം രൂപ
8.	തലശ്ശേരിയിലെ സ്മാരകങ്ങളുടെ വികസനം	5 ലക്ഷം രൂപ
9.	പയ്യാംപലം ബീച്ചിൽ സംസ്ക്കാരിക പരിപാടി	3 ലക്ഷം രൂപ
10.	കരകൗശല കൈത്തറി വിപണശാല	5 ലക്ഷം രൂപ

(സി) കടലോര നടപ്പാത ദീർഘിപ്പിക്കുവാനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ഡി) ഉണ്ട്.

ബി.ആർ.ഡി.സി.യുടെ ആസ്ഥാനം

147 (3337) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേക്കൽ റിസോർട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ആസ്ഥാനം ഇപ്പോൾ എവിടെയാണ് സ്ഥിതി ചെയ്യുന്നത്.

(ബി) അത് പദ്ധതി പ്രദേശത്തുതന്നെ സ്ഥാപിക്കണം എന്നത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടി ആണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബി.ആർ.ഡി.സിയുടെ രജിസ്ട്രേഡ് ഓഫീസ് തിരുവനന്തപുരത്തും പ്രോജക്ട് ഓഫീസ് കാസർകോഡ് ജില്ലയിലെ ഉദുമയിലുമാണ് സ്ഥിതി ചെയ്യുന്നത്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം സജീവമായി പരിഗണിച്ചുവരുന്നു.

നോട്ടറി നിയമനം സംബന്ധിച്ച മാനദണ്ഡം

148 (3338) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോട്ടറി നിയമനം സംബന്ധിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിൽ വിവിധ കോടതികളിലായി എത്രപേർ നോട്ടറിയായി പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly